| Name | | Roll Number | |
|---|---|---|---|

# INDIAN SCHOOL MUSCAT
# MIDDLE SECTION
# ANNUAL EXAMINATION 2018-19

## MALAYALAM

Code: MZML02

CLASS: VIII

Time Allotted: 2 ½ Hrs.

12.03.2019

Max .Marks: 80

**General Instructions :**

1. **All** questions are **compulsory.**
2. **All answers should be written in the answer sheet provided.**

Qns | Marks

1. **അർഥം എഴുതുക** ½ x 5=2½
    1. സൂതൻ
    2. വിരസത
    3. ആദിത്യൻ
    4. ദശകം
    5. നിശീഥിനി

2. **പര്യായം എഴുതുക** 1 x 5= 5
    1. കാന്തൻ
    2. കണ്ണ്
    3. രാവ്
    4. താരകം
    5. വസ്ത്രം

3. **വിപരീതം എഴുതുക** ½ x 5=2½
    1. അബദ്ധം
    2. പൂർണം
    3. ആരംഭം
    4. വിശ്രമം
    5. സംശയം

4. **എതിർലിംഗമെഴുതുക** ½ x 5=2½
    1. ദേവി
    2. വിവശ
    3. ദീനക്കാരൻ
    4. പിതാവ്
    5. ബാലൻ

5. **അർഥവ്യത്യാസം എഴുതുക** 1 x 4= 4

1. ഒളി
   ഒലി
2. ഒച്ച്
   ഒച്ച
3. കൂമ്പ്
   കാമ്പ്
4. ജാലം
   ജാലകം

6. **നാനാർഥം എഴുതുക** 1x 4= 4

1. മൂലം
2. ധ്വനി
3. കരം
4. ദലം

7. **ശരിയായപദം തെരഞ്ഞെടുത്തെഴുതുക** ½ x 5=2½

1. പാണ്ഡര, പാണ്ടര, പാണ്ഠര
2. പ്രൗഡി, പ്രൗടി, പ്രൗഢി
3. സ്വച്ഛന്തം, സ്വച്ഛന്ദം, സ്വഛന്ദം
4. അബ്ധി, അബ്ദി, അബ്തി
5. അന്ദകാരം, അന്ധകാരം, അന്തകാരം

8. **പിരിച്ചെഴുതി സന്ധി നിർണയിക്കുക** 1x 4= 4

1. മേശയ്ക്കരികിൽ
2. കാന്തിയാർന്നു
3. ഞെട്ടിത്തെറിച്ചു
4. അമ്മാനമാടി

9. **വാക്യത്തിൽ പ്രയോഗിക്കുക** 1½ x 2= 3

1. കരുത്തുപകരുക
2. മനസ്സ് വാടിപ്പോകുക

10. **ചേരുംപടി ചേർക്കുക** ½ x 4= 2

| | | |
|---|---|---|
| 1. കർണ്ണൻ | - | വള്ളത്തോൾ നാരായണമേനോൻ |
| 2. അമ്മ മലയാളം | - | വയലാർ രാമവർമ |
| 3. അച്ഛനും മകളും | - | പെരുമ്പടവം ശ്രീധരൻ |
| 4. എനിക്കു മരണമില്ല | - | ഉള്ളൂർ എസ്. പരമേശ്വരയ്യർ |
| | - | കുരീപ്പുഴ ശ്രീകുമാർ |

11. **വിഗ്രഹിച്ച് സമാസം എഴുതുക** 1x 4= 4

1. മെയ്യൊളി
2. കോണിപ്പടി
3. ശുഷ്കതാരകം
4. അച്ഛനമ്മമാർ

12. **പ്രയോഗം മാറ്റുക** 1x 2= 2

1. ദുഷ്യന്തൻ ശകുന്തളയെ ഉപേക്ഷിച്ചു.
2. ഞാൻ തിയ്യാടിപ്പെൺകുട്ടിയെ കൃതജ്ഞതയോടെ സ്മരിക്കും.

13. **ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് പൂരിപ്പിക്കുക** 1x 2= 2

1. "വിളറിയ നിന്മുഖം കാണട്ടേ ഞാൻ"- അജയ്യനായ മനുഷ്യന് കാണേണ്ടത് -------- ന്റെ വിളറിയ മുഖമാണ്.
   (ശുഷ്കതാരകത്തിന്റെ, ചക്രവാളത്തിന്റെ, നീലാകാശത്തിന്റെ)
2. പൂവ് ലീല പൂണ്ട്, -------- കളോടു ചേർന്ന് തന്റെ ബാല്യകാലം ചെലവിട്ടു.
   (കിളികളോടു, ഇളയമൊട്ടുകളോടു, താരകളോടു)

14. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** 1x 4= 4

1. "താപസമന്ത്രത്തിൻ തത്ത്വപരീക്ഷയാം
   പാപത്തിൽ പെട്ടുപോയ്..." - ആരാണ് പാപത്തിൽ പെട്ടുപോയത്?
2. കേരളീയ സമൂഹത്തിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങൾക്കെതിരെ ശബ്ദമുയർത്തിയ, ആധുനിക കവിത്രയത്തിലെ കവിയാര്?
3. അജയ്യനായ മനുഷ്യന്റെ അവിശ്രമം പായുന്ന കുതിരയേത്?
4. "ഒരു നീണ്ട ആയുഷ്കാലത്തിന്റെ മടുപ്പും വിരസതയും മുഴുവൻ ആ വൃദ്ധയുടെ മുഖത്തുണ്ടെന്ന് അന്നയ്ക്കു തോന്നി"- കഥാകാരൻ പരാമർശിക്കുന്ന 'വൃദ്ധ' ആരാണ്?

15. **ഉത്തരമെഴുതുക** 3x 5= 15

1. "കണ്ടേൻ ഞാൻ"- സൂര്യൻ എന്തു കണ്ടെന്നാണ് വ്യക്തമാക്കുന്നത്?
2. 'കുറ്റവും ശിക്ഷയും' എന്ന നോവലിലെ വീടിനെ ഓർമിപ്പിക്കുന്ന അനുഭവം അന്നയ്ക്ക് ഉണ്ടായതെപ്പോൾ?
3. "ചിഞ്ചിലം നിന്നു ചിലങ്കകളൂരീട്ടു
   നെഞ്ചത്തുകൈവച്ചു ചോദിക്കയാണൊരാൾ"- ഈ വരികളിൽ കവി പരാമർശിക്കുന്നതെന്ത്?.
4. "ഞാനാണ;-തജയ്യനാം 'മനുഷ്യൻ'-ചലിക്കുന്നൂ
   ഞാനഹർന്നിശ,-മെന്റെ സന്ദേശം ജയിക്കുന്നു!"- ആശയം വിശദമാക്കുക
5. വിശ്വാമിത്രൻ ചിന്താക്കുഴപ്പത്തിലാകാൻ കാരണമെന്ത്

16. **പാഠപുസ്തകത്തിലേതുപോലെ കവിത പൂരിപ്പിക്കുക** 5x 1= 5

കാവ്യക്കരുക്കളിൽ....................................

...................................... കേരളഭാഷയെ? (11 വരി)

17. **ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നര പുറത്തിൽ കവിയാതെ ഉപന്യസിക്കുക** 6x 1= 6

മാറുന്ന ഭക്ഷണശീലങ്ങളും ആരോഗ്യപ്രശ്നങ്ങളും

അല്ലെങ്കിൽ

കായിക വിദ്യാഭ്യാസത്തിൻെറ ആവശ്യകത

18. **താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** 1x 4= 4

ചിത്രങ്ങൾ കാലദേശങ്ങൾക്ക് അതീതമാണ്. ഏതു ഭാഷക്കാർക്കും, ഏതു ദേശ–ക്കാർക്കും, ഏതു കാലഘട്ടത്തിൽ ജീവിക്കുന്നവർക്കും ചിത്രങ്ങൾ ആസ്വദിക്കാൻ കഴിയും. സാഹിത്യത്തെ അപേക്ഷിച്ച് ചിത്രത്തിനുള്ള ഒരു സൗകര്യം ഇതാണ്. ലിയനാഡോ ഡാവിഞ്ചിയും മൈക്കലാഞ്ചലോയും റാഫേലും വരച്ച ചിത്രങ്ങളിൽ ചിലതൊക്കെ ദേശകാലങ്ങൾ കടന്ന് നമ്മുടെയൊക്കെ വീടുകളിൽ പോലും സ്ഥാനം പിടിച്ചിട്ടുള്ളത് അതുകൊണ്ടാണ്. നിറങ്ങളോടും ചിത്രങ്ങളോടും മനുഷ്യനുള്ള താത്പര്യം എത്രയേറെയാണ്! നമ്മുടെ ഉത്സവങ്ങളും ആഘോഷങ്ങളു–മൊക്കെ വർണങ്ങളും ചിത്രങ്ങളും നിറഞ്ഞവയാണ്. കേരളത്തിൻെറ വിവിധ പ്രദേശങ്ങളിലെ ആരാധനാപരമായ പല ചടങ്ങുകൾക്കും ചിത്രം ഒരു അവിഭാജ്യഘടകമാണ്. സർപ്പംപാട്ടിനും കളംപാട്ടിനും മുടിയേറ്റിനും നിറമുള്ള പൊടികൾ കൊണ്ടു നിലത്തു വലിയ കളങ്ങളെഴുതുന്നു. പടയണിക്കോലങ്ങൾ ഉണ്ടാക്കുന്നത് വിവിധ നിറങ്ങൾകൊണ്ടു രൂപങ്ങൾ വരച്ച പാളകൾ തുന്നിച്ചേർത്താണ്. തെയ്യവും തിറയും കഥകളിയുമെല്ലാം ചിത്രകലയുടെ സഹായം തേടുന്ന ദൃശ്യകലകളാണ്.

1. സാഹിത്യത്തെ അപേക്ഷിച്ച് ചിത്രത്തിനുള്ള സൗകര്യം എന്താണ്?
2. നിറമുള്ള പൊടികൾ കൊണ്ടു നിലത്തു വലിയ കളമെഴുതുന്ന കേരളത്തിലെ ആരാധനാപരമായ ഏതെങ്കിലും രണ്ടു ചടങ്ങുകൾ എഴുതുക
3. പടയണിക്കോലങ്ങൾ ഉണ്ടാക്കുന്നത് എങ്ങനെയാണ്?
4. മുകളിൽ കൊടുത്തിരിക്കുന്ന ഖണ്ഡികയ്ക്ക് ഉചിതമായ ഒരു തലക്കെട്ട് നൽകുക

19. നിങ്ങളുടെ വിദ്യാലയത്തിൻെറ പരിസരത്ത് വാഹന അപകടങ്ങൾ തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊലിസ് ഇൻസ്പെക്റ്റർക്ക് ഒരു കത്ത് തയ്യാറാക്കുക 6 x 1= 6

---------------------------